# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം.

ജി4-13668/14 തീയതി-21.08.2020

## സർക്കുലർ നമ്പർ -26/2020-21

വിഷയം:- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ് വിഭാഗം) തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങളുടെ വർദ്ധനവ് സംബന്ധിച്ച്.

സൂചന:- 1. 2018-19ലെ ബഡ്ജറ്റ് പ്രൊപ്പോസൽ
2. തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിൽ നിന്നുള്ള 02/07/2020ലെ സ.ഉ.(അച്ചടി) നമ്പർ 60/2020/തൊഴിൽ നമ്പർ വിജ്ഞാപനം.

1999ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ്) വിഭാഗം ക്ഷേമ പദ്ധതി ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തികൊണ്ടുള്ള 2020ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി ചുവടെ കൊടുത്തിരിക്കുന്നു. 02/07/2020 മുതൽ ടി ഭേദഗതികൾക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

### പദ്ധതിയുടെ ഭേദഗതി

1999ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ
15- ാം ഖണ്ഡികയിൽ

- 1-ാം ഉപഖണ്ഡികയിൽ (ബി) ഇനത്തിൽ "1000/-രൂപ വരെ'' എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "2000/-രൂപ വരെ''എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.
- 3-ാം ഉപഖണ്ഡികയിൽ "500/-രൂപ '' എന്ന അക്കങ്ങൾക്കും വാക്കിനും പകരം "1000/-രൂപ '' എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

4-ാം ഉപഖണ്ഡികയിൽ

- (എ) ഇനത്തിൽ "200/-രൂപ മുതൽ 400/-രൂപ വരെ''എന്ന അക്കൾക്കും വാക്കുകൾക്കും പകരം 10-ക്ലാസ് പാസ്സായ വിദ്യാർത്ഥികൾക്ക് 400/-രൂപ, പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് 600/-രൂപ, ഡിഗ്രി പാസ്സായ വിദ്യാർത്ഥികൾക്ക് 800/-രൂപ എന്ന അക്കങ്ങൾക്കും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.
- (ബി) ഇനത്തിൽ "1000/-രൂപ ''എന്ന അക്കങ്ങൾക്കും വാക്കിനും പകരം "2000/-രൂപ ' എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

5 -ാംഉപഖണ്ഡികയിൽ 1500/-രൂപ എന്ന അക്കങ്ങൾക്കും വാക്കിനും പകരം 3000/-രൂപ എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

6-ാം ഉപഖണ്ഡികയിൽ (ബി) ഇനത്തിൻ കീഴിലെ പട്ടികയ്ക്ക് പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്.

പട്ടിക

| നിധിയിലേയ്ക്ക് നൽകുന്ന പ്രതിമാസ അംശാദായം(രൂപയിൽ) | അർഹമായ ഡെത്ത് എക്സ്ഗ്രേഷ്യാ തുക (രൂപയിൽ) |
|---|---|
| 100/- | 60,000/- |

- സ്കാറ്റേർഡ് പദ്ധതിയിൽ മേൽ സൂചിപ്പിച്ച മാറ്റങ്ങൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. മറ്റു വ്യവസ്ഥകൾക്ക് മാറ്റം ഉണ്ടായിട്ടില്ല.
- ഭേദഗതി പ്ലാനുകളുടെ പൂർണ്ണരൂപം, അനുബന്ധം, ഭേദഗതി വ്യവസ്ഥകൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- ഈ സർക്കുലർ കൈപ്പറ്റിയ വിവരം കമ്മിറ്റി ചെയർമാൻമാർ മടക്കത്തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും

പകർപ്പ്

1. അക്കൗണ്ട്സ് ഓഫീസർമാർ, ആസ്ഥാന ഓഫീസ്
2. ജൂനിയർ സൂപ്രണ്ടുമാർ, ആസ്ഥാന ഓഫീസ്
3. സ്റ്റോക്ക് ഫയൽ

// ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്